**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 106** **07-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് പ്രവൃത്തികളിലെ ക്രമക്കേടുകൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളിൽ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് പ്രവൃത്തികളിലെ ക്രമക്കേടുകൾ സംബന്ധിച്ചുള്ള പരിശോധന പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗമാണ് നടത്തുന്നത്. ക്രമക്കേടുകൾ തടയാൻ റോഡിന്റെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പൊതുമരാമത്ത് വകുപ്പിലെ Quality Control Manual അനുസരിച്ചിട്ടുള്ള വിവിധ പരിശോധനകൾ നടപ്പിലാക്കുന്നുണ്ട്. ഇതിനായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും Quality Control വിഭാഗങ്ങൾ പ്രവൃത്തിക്കുന്നുണ്ട്. മോർത്ത് സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഗുണനിലവാര പരിശോധനയും നടപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് പ്രവൃത്തി ഇടങ്ങളിൽ നേരിട്ടെത്തി പരിശോധിക്കാനുള്ള ഓട്ടോമേറ്റഡ് മൊബൈൽ ലാബുകൾ തയ്യാറായിട്ടുണ്ട്. |
| (ബി) | സോഷ്യൽ ഓഡിറ്റിംഗിനായി ജില്ലാതലത്തിൽ രൂപീകരിച്ച സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് തൃപ്തികരമാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | ജില്ലാതല ഓഡിറ്റിംഗ് സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | റാന്നിയിൽ ബണ്ട് പാലത്തിനുവേണ്ടി കോൺക്രീറ്റ് തൂണിൽ കമ്പിക്ക് പകരം തടി ഉപയോഗിച്ചതായി പറയപ്പെടുന്ന സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഈ പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്നതല്ല. |
| (ഡി) | സമാനമായ സംഭവങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ഈ പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്നതല്ല. |

സെക്ഷൻ ഓഫീസർ

# <u>വിശദീകരണക്കുറിപ്പ്</u>

പൊതുമരാമത്ത് വകുപ്പ് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിനായി സർക്കാർ ഉത്തരവ് G.O(Ms)No.1/2018/PWD തീയതി 05.01.2018 പ്രകാരം ജില്ലാതല ഓഡിറ്റിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കോൺക്രീറ്റിംഗ് നടക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടം ഉറപ്പു വരുത്താറുണ്ട്.  പ്രവൃത്തിയുടെ ത്രിതല ഗുണനിലവാര പരിശോധന കർശനമായി നടത്തുന്നുണ്ട്. ഗുണനിലവാര പരിശോധനാ റിപ്പോർട്ട് തൃപ്തികരമായ പ്രവൃത്തികൾക്കു മാത്രമേ ബിൽ തുക നൽകാറുള്ളൂ.